(ഐ) വനം വകുപ്പിന്റെ എൻ.ഒ.സി. നിഷേധിച്ചശേഷവും പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടണ്ട്. ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം ലൈസൻസ് നൽകിയ പഞ്ചായത്തുകൾക്കാണ്.

കണ്ണൂർ ജില്ലയിലെ ചന്ദന ഫാക്ടറികൾ

113 (1168) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ടി ഫാക്ടറികൾക്ക് മുഴുവൻ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, അനധികൃത ചന്ദന ഫാക്ടറികൾ നിർത്തലാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആവശ്യമായ ലൈസൻസ് ഇല്ലാത്ത എത്ര ചന്ദന ഫാക്ടറികൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രണ്ട്.

(ബി) ഫാക്ടറികൾക്ക് ലൈസൻസ് നൽകേണ്ടത് വനം വകുപ്പല്ല. എന്നാൽ പ്രസ്തുത രണ്ട് ഫാക്ടറികൾക്കും വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) പ്രസ്തുത ഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തധികൃതർക്കും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പു ഡയറക്ടർക്കും കത്തെഴുതിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ രണ്ട് ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു.

കമ്പനികൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിന് ഗവൺമെന്റും കമ്പനികളുമായി ഉണ്ടാക്കിയ കരാർ

114 (1169) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിന് മുള മുതലായ അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനെപ്പറ്റി കേരള ഗവൺമെന്റും കമ്പനിയും തമ്മിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ മുഴുപയോഗപ്പെടുത്തുകയോ നശിച്ചു പോവുകയോ ചെയ്താൽ അന്ന് നിലവിലുള്ള മാർക്കറ്റ് വില കണക്കാക്കി കമ്പനി ഗവൺമെന്റിലേക്ക് പണമടയ്ക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly